# കേരളപാണിനീയം

എ. ആർ. രാജരാജവർമ്മ

2018

Kēraḷapāṇinīyam
Malayalam Grammar
by A. R. Rājarāja Varma
First published: 1917

First EPUB/PDF version published: 2017
Second EPUB/PDF version published: 2018

These electronic versions are released under the provisions of Creative Commons Attribution Share Alike license for free download and usage.

The electronic versions were generated from sources available at WikiSource, futher marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2016. ePub version was generated by TeX4ht from the same LaTeX sources. A cloud based framework namely, ഇതൾ (ITHAL) has been used to process the documents and generate various output formats.

The base font used was traditional script of Rachana, contributed by KH Hussain, *et al.*, and maintained by Swathanthra Malayalam Computing. The font used for Latin script was TeX Gyre Pagella developed by GUST, the Polish TeX Users Group.

Cover: Details from the painting, namely, *The Return of the Stork* (1893), by the Dutch painter, Theodoor van Hoytema (1863–1917). The image is taken from Wikimedia Commons and is gratefully acknowledged.

The digital editions published by: **Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# ഉള്ളടക്കം


ഉള്ളടക്കം . . . . . v
മുഖവുര . . . . . ix
'സായാഹ്ന' പതിപ്പിന്റെ പ്രത്യേകതകൾ . . . . . xiii

**ഒന്ന് പീഠിക** **15**

1 മലയാളദേശവും ഭാഷയും . . . . . 17
  1 അനുനാസികാതിപ്രസരം: . . . . . 31
  2 തവർഗ്ഗോപമർദ്ദം അല്ലെങ്കിൽ താലവ്യാദേശം: . . . . . 32
  3 സ്വരസംവരണം: . . . . . 32
  4 പുരുഷഭേദനിരാസം: . . . . . 34
  5 ഖിലോപസംഗ്രഹം: . . . . . 37
  6 അംഗഭംഗം: . . . . . 39
2 ഘട്ടവിഭാഗം . . . . . 53
  1 ആദ്യഘട്ടം — കരിന്തമിഴകാലം: . . . . . 62
  2 മധ്യഘട്ടം — മണിപ്രവാളരീതി . . . . . 63
  3 ആധുനികഘട്ടം . . . . . 64
3 അക്ഷരമാല . . . . . 67
4 വർണ്ണവികാരങ്ങൾ . . . . . 81

**രണ്ട് സന്ധിപ്രകരണം** **97**

1 സന്ധിവിഭാഗം . . . . . 99
  1 ലോപസന്ധി . . . . . 100
  2 ആഗമസന്ധി . . . . . 103
  3 ദ്വിത്വസന്ധി . . . . . 107
  4 ആദേശസന്ധി . . . . . 113
2 ശബ്ദവിഭാഗം . . . . . 119
  1 ഭേദകങ്ങളുടെ ഉൾപ്പിരിവുകൾ: . . . . . 128
3 പ്രകൃതിപ്രത്യയങ്ങൾ . . . . . 131

**മൂന്ന് നാമാധികാരം** **133**

1 ലിംഗപ്രകരണം . . . . . 135
2 വചനപ്രകരണം . . . . . 145
3 വിഭക്തിപ്രകരണം . . . . . 157
  1 നാമരൂപാവലി . . . . . 165
4 വിഭക്ത്യാഭാസപ്രകരണം . . . . . 171
  1 ഇനി ഇരട്ടിപ്പ് . . . . . 173
5 കാരകപ്രകരണം . . . . . 177
6 തദ്ധിതപ്രകരണം . . . . . 189
  1 തന്മാത്രപ്രത്യയങ്ങൾ . . . . . 190

**നാല് ധാത്വധികാരം** **195**

1 ധാത്വധികാരം . . . . . 197
  1 പ്രാരംഭം . . . . . 197
  2 പ്രകൃതി . . . . . 197
  3 സ്വഭാവം . . . . . 198
2 കാലപ്രകരണം . . . . . 199
  1 കാലാദികളെ സംബന്ധിച്ച പൊതുനിയമങ്ങൾ . . . . . 205
  2 കാലപ്രത്യയങ്ങളുടെ ആഗമം . . . . . 220
3 പ്രകാരപ്രകരണം . . . . . 223
4 പ്രയോഗപ്രകരണം . . . . . 231
5 പ്രയോജകപ്രകൃതി . . . . . 233
6 നാമധാതുപ്രകരണം . . . . . 241
7 ഖിലധാതുക്കൾ . . . . . 245
8 അനുപ്രയോഗം . . . . . 247
  1 ഒന്നാംവക, ഭേദകാനുപ്രയോഗം . . . . . 251
  2 രണ്ടാം വക; കാലാനുപ്രയോഗം . . . . . 255
  3 മൂന്നാംവക, പൂരണാനുപ്രയോഗം . . . . . 257

9 നിഷേധപ്രകരണം . . . . . . . . . . . . . 259

10 സമുച്ചയം . . . . . . . . . . . . . . . . . 269

11 അംഗക്രിയ . . . . . . . . . . . . . . . . 271
1 പേരെച്ചം . . . . . . . . . . . . . . . . 275
2 വിനയെച്ചം . . . . . . . . . . . . . . 280

12 കൃതികൃത്തുക്കൾ . . . . . . . . . . . . . 295

13 കാരകകൃത്തുക്കൾ . . . . . . . . . . . . 299

## അഞ്ച് ഭേദകാധികാരം **301**

1 ഭേദകാധികാരം . . . . . . . . . . . . . 303

## ആറ് നിപാതാവ്യയാധികാരം **309**

1 നിപാതാവ്യയാധികാരം . . . . . . . . . . 311

## ഏഴ് ആകാംക്ഷാധികാരം **315**

1 വാക്യപ്രകരണം . . . . . . . . . . . . . 317
1 പദക്രമം . . . . . . . . . . . . . . . . 320
2 പൊരുത്തം . . . . . . . . . . . . . . . 321

2 സമാസപ്രകരണം . . . . . . . . . . . . . 325

3 ശബ്ദോൽപ്പത്തി . . . . . . . . . . . . . . 333

ധാതുപാഠം . . . . . . . . . . . . . . . . . . 347

കാരികാസൂചിക . . . . . . . . . . . . . . . 357

സൂചിക . . . . . . . . . . . . . . . . . . . . 361

# —1—

## നിപാതാവ്യയാധികാരം

വാചകശബ്ദങ്ങളായ നാമകൃതിഭേദകങ്ങളെ പ്രത്യേകം എടുത്തു വിവരിച്ചു കഴിഞ്ഞല്ലോ. ഇനി ദ്യോതകശബ്ദങ്ങളായ നിപാതാവ്യയങ്ങളെപ്പറ്റി വിചാരണചെയ്യാം. ദ്യോതകശബ്ദങ്ങൾക്ക് രൂപഭേദമില്ലാത്തതിനാൽ അവയെപ്പറ്റി ഏറെയൊന്നും പ്രസ്താവിക്കേണ്ടതില്ല.

ആദികാലത്തിൽ നാമം, കൃതി, ഭേദകം എന്നു മൂന്നു വാചകശബ്ദങ്ങളും നിപാതം എന്നൊരു ദ്യോതകശബ്ദവും മാത്രമേ ഭാഷയ്ക്കുണ്ടായിരുന്നുള്ളൂ. പിന്നീട് പല പുതിയ സംബന്ധവിശേഷങ്ങളെയും കാണിക്കേണ്ടിവന്നപ്പോൾ നാമകൃതിരൂപങ്ങളിൽ ചിലതിനെത്തന്നെ ദ്യോതകമായിട്ടുപയോഗിച്ചുതുടങ്ങി. ഇങ്ങനെയാണ് അവ്യയങ്ങളുണ്ടായിത്തീർന്നത്. അതിനാൽ ചില നാമരൂപങ്ങളും കൃതിരൂപങ്ങളും ചിലപ്പോൾ രണ്ടുവിധത്തിലും ഉപയോഗിച്ചുകാണും. "വിവരം കുറിച്ചുവയ്ക്കുന്നു" എന്നിടത്ത് "കുറിച്ച്" എന്നത് "കുറിക്കുക" എന്ന കൃതിയുടെ മുൻവിനയെച്ചരൂപമായിരിക്കേ "ആ സംഗതിയെക്കുറിച്ച് എനിക്കറിവില്ല" എന്ന വാക്യത്തിൽ "കുറിച്ച്" ദ്യോതകമാകയാൽ അവ്യയമായിച്ചമഞ്ഞിരിക്കുന്നു. അവ്യയത്തിനും നിപാതത്തിനും പ്രവൃത്തി ഒന്നാകയാൽ അവയ്ക്കുള്ള വിഭാഗങ്ങളും ഒന്നു തന്നെ. നിപാതമായാലും അവ്യയമായാലും രണ്ടിനെയും ഗതി, ഘടകം, വ്യാക്ഷേപകം, കേവലം എന്നു വിഭജിക്കാം.

നാമത്തിനും കൃതിക്കുമാണല്ലോ രൂപഭേദങ്ങളുള്ളത്. രണ്ടിന്റെയും പലേ രൂപങ്ങൾ വാച്യാർത്ഥം വിട്ട് ദ്യോതകങ്ങളായി ദൃഷിക്കയാൽ അവ്യയക്കൂട്ടത്തിൽ ചേർന്നിട്ടുണ്ട്. അതുകൾക്ക് കഴിയുന്നതും സാമാന്യ ലക്ഷണംചെയ്യാൻ നോക്കാം:

167. എൻ നിരൂപകമാം ധാതു,
സമ്പത്തിക്രിയയാവുക;
ഇവരണ്ടിൻ പറ്റുവിന-
രൂപമവ്യയമായ് വരും.

എൻ എന്ന ഖിലധാതുവിന് ഒരുവസ്തുവിന്റെയോ സംഗതിയുടെയോ സ്വരൂപത്തെ നിരൂപണം ചെയ്ക അർത്ഥമാകയാൽ അതിന് നിരൂപകക്രിയ എന്നു പേർ. അതുപോലെ ഒന്ന് ഒരുവിധമായി ചമയുന്നു എന്നു കാണിക്കുന്ന "ആവുക" ധാതുവിന് സമ്പത്തിക്രിയ എന്നു പേർ. ഇതു രണ്ടിന്റെയും പറ്റുവിനകളിൽ, അതായത് വിനയെച്ചത്തിലും പേരെച്ചത്തിലും, ഉള്ള മിക്ക രൂപങ്ങളും അവ്യയങ്ങളായി വരുന്നവയാണ്. ഇതിൽ പേരെച്ചരൂപങ്ങൾ ഗതികൾ എന്ന ഇനത്തിലും, വിനയെച്ചരൂപങ്ങൾ ഘടകം എന്ന ഇനത്തിലും ഉൾപ്പെടും.

എൻ — എന്ന; എന്ന്, എനെ, എങ്കിൽ, എന്നാൽ.
ആ — ആയ, ആകുന്ന, ആകും, ആം, ആയി, ആയിട്ട്, ആയ്; ആകെ, ആകിൽ, ആയാൽ.

ഇതിൽ എനെ (തൻവിനയെച്ചരൂപം) വിലങ്ങനെ, പതുക്കനെ ഇത്യാദി അപൂർവ്വമായിട്ടേ നടപ്പുള്ളൂ.

168. വിനയെച്ചം ദുഷിച്ചുള്ളോ-
രവ്യയം ഗതി മിക്കതും.

ഗതികൾ എന്ന ഇനത്തിൽ മിക്കതും വിനയെച്ചം ദുഷിച്ചുണ്ടായതാകയാൽ അവ്യയമായിരിക്കും.

| | | |
|---|---|---|
| മുൻവിയെച്ചം: | കൊണ്ട്, കുറിച്ച്, പറ്റി | — ഇത്യാദി. |
| പാക്ഷികം: | കാണിൽ, കാട്ടിൽ, കായിൽ | — ഇത്യാദി. |
| തൻ: | വരെ, കാണെ | — ഇത്യാദി. |

നിപാതങ്ങൾ എണ്ണത്തിൽ വളരെ ചുരുങ്ങും. പ്രധാനപ്പെട്ടവയെ താഴെ കാണിച്ചിരിക്കുന്നു:

1. ഉം: സമുച്ചയനിപാതം — സമുച്ചയം, അനവക്ലപ്തി ഇത്യാദികളർത്ഥങ്ങൾ
2. ഓ: വികല്പനിപാതം — വികല്പം, ചോദ്യം ഇത്യാദികളർത്ഥങ്ങൾ.
3. ഏ: അവധാരണനിപാതം — അവധാരണം, വ്യവച്ഛേദം, സംബോധനം, പ്രകാരം, മാർഗ്ഗം — ഇത്യാദികളർത്ഥങ്ങൾ.
4. ആ: അതാ, ഇതാ എന്നതുകളിൽ കാണുന്ന — ചൂണ്ടിക്കാണിക്കുക അർത്ഥം.
5. ആൻ: ആരാൻ, എന്തുവാൻ എന്നിവയിൽ കാണുന്ന — അനവ ക്ലപ്തി അർത്ഥം.
6. ഈ: "അല്ലീ" എന്നിടത്തു കാണുന്ന — അലങ്കാരമായ ചോദ്യമർത്ഥം.

ഇവയിൽ ആ, ഈ, ഉം ചുട്ടെഴുത്തുകളിൽ നിന്ന് ജനിച്ചവയാണെന്ന് ഊഹിക്കാം. ആൻ "ആയിൽ" (= ആകിൽ) എന്ന പഴയ പാക്ഷികവിനയെച്ചത്തിന്റെ വികൃതരൂപമായി വരാം.

നിപാതങ്ങളുടെ അർത്ഥവിശേഷങ്ങളും, പ്രയോഗവൈചിത്ര്യങ്ങളും വ്യാകരണത്തിൽ പ്രതിപാദിക്കേണ്ടുന്ന വിഷയങ്ങളല്ല. എങ്കിലും സമുച്ചയവികല്പങ്ങളെപ്പറ്റി രണ്ടു വാക്കു പറയേണ്ടതുണ്ട്.

### 169. സമുച്ചയവികല്പങ്ങൾ സജാതീയത്തിനേ വരൂ.

സമുച്ചയനിപാതം ഉം, താൻ; വികല്പനിപാതം ഓ; ഇതു രണ്ടും ഒരേ തരത്തിലും ഒരേ കാരകാദി സംബന്ധത്തിലും ഉള്ള പദങ്ങളെ മാത്രമേ സമുച്ചയിക്കയും വികല്പിക്കയും ചെയ്കയുള്ളൂ.

ഉദാ: രാമനും കൃഷ്ണനും ഗോവിന്ദനും മറ്റും വന്നു.
ചെറുപ്പക്കാരനും മിടുക്കനും ആയ രാമൻ.
രാമൻ രാവിലെ എഴുന്നേല്ക്കയും, പള്ളിക്കൂടത്തിൽ സമയത്തിനെത്തുകയും ശ്രദ്ധിച്ചു പഠിക്കയും ചെയ്യുന്നു.

പ്രത്യുദാഹരണം: “ലേലത്തിൽ വിളികേൾക്കുന്നതിനു മനസ്സുള്ള ആളുകൾ അവധിദിവസം ഹാജരായിക്കൊള്ളുവാനുള്ളതും ഈയുമണ്ണിനെ വിലയ്ക്കു വാങ്ങിക്കുന്നവർ അതിനെ ... രാജഭോഗം കൊടുത്തു കൊണ്ടു പോകുവാനുള്ളതാകയാൽ ആ വിവരവും ഇതിനാൽ പരസ്യം ചെയ്തിരിക്കുന്നു.” തിരു. ഗസെറ്റ്, പേ. 1683 — ധനു — 6 — 69.

ഇതിൽ “കൊള്ളുവാനുള്ളത്” എന്നതും, “ആ വിവരം” എന്നതും സജാതീയങ്ങളല്ലാത്തതിനാൽ അവയെ “ഉം” കൊണ്ടു സമുച്ചയിച്ചതു ശരിയല്ല. ഈ വാക്യത്തെ രണ്ടുപ്രകാരം തിരുത്താം:

(1) മനസ്സുള്ള ആളുകൾ അവധിദിവസം ഹാജരായിക്കൊള്ളേണ്ടതാണെന്നും... കൊണ്ടു പോകുവാനുള്ളതാണെന്നും (ഉള്ള) വിവരം ഇതിനാൽ പരസ്യം ചെയ്തിരിക്കുന്നു.

(2) മനസ്സുള്ളവർ ഹാജരായിക്കൊള്ളുവാനുള്ളതും ഈയുമണ്ണിനെ... കൊണ്ടു പോകുവാനുള്ളതും ആകയാൽ വിവരം ഇതിനാൽ പരസ്യം ചെയ്തിരിക്കുന്നു.

ഈമാതിരി അന്വയിക്കാത്ത വാക്യങ്ങൾ സർക്കാർ എഴുത്തുകുത്തുകളിലും മറ്റും ഒട്ടും അപൂർവ്വമല്ല. എത്രതന്നെ വ്യാമിശ്രമായിരുന്നാലും ഒരു സംഗതിയെ ഒരു വാക്യംകൊണ്ട് വിവരിച്ചാലേ സാമർത്ഥ്യമായുള്ളു എന്നുള്ള ഭ്രമത്തിലാണ് രായസക്കാർ ഈവിധം അസംബന്ധവാക്യങ്ങളെഴുതിക്കൂട്ടുന്നത്. അന്യോന്യം യോജിക്കാത്ത പലതരം വാക്യഖണ്ഡങ്ങളെ തുന്നിത്തച്ചു കെട്ടിച്ചമയ്ക്കുന്ന മഹാവാക്യങ്ങൾ കോമാളിയുടെ കുപ്പായം പോലെ വിചിത്രങ്ങളായിരിക്കുമെന്നതിലേക്കു സംശയമില്ല. അതിനാൽ സജാതീയസമുച്ചയംതന്നെയും രണ്ടുമൂന്നു ദിക്കിലായി ഒരേ വാക്യത്തിൽ പ്രയോഗിക്കുക അഭംഗിയാണ്.

ഉദാ: അങ്ങനെ ഹാജരാകുന്ന ആളുകൾ ലേലത്തിൽ ചേർന്നു വിളികേൾക്കുന്നതിനു മുമ്പു പേരൊന്നിനു 15 രൂപാവീതം റെഡിമണി (i) കെട്ടിവയ്ക്കയും ലേലം സ്ഥിരപ്പെട്ടുകൂടുമ്പോൾ നാലിലൊരു ഭാഗം (1) ഉടനേയും ശേഷം ഒരു (2) വാരത്തിനകവും ഒടുക്കി, സാമാനം കൈവശപ്പെടുത്തി (ii) ക്കൊണ്ടുപോകയും (a) ചെയ്യേണ്ടതും ലേലം വിളികേൾക്കാത്ത ആളുകളുടെ റെഡിമണി ഉടൻ തിരികെ (b) കൊടുക്കുന്നതും ആകുന്നു. തി.ഗ. പേ. 1673. ധനു 6 — 69.

ഇൗ വാക്യത്തിൽ അവിടവിടെ ലക്കമിട്ടു കാണിച്ചപ്രകാരം മൂന്നതരം ഉപവാക്യങ്ങളെ സമുച്ചയിക്കുന്നതിന്നു "ഉം" ഉപയോഗിച്ചിട്ടുണ്ട്. ഇൗമാതിരി വാക്യങ്ങളെ അന്വയിക്കുന്നതിൽ ഇംഗ്ലീഷ്, സംസ്കൃതം മുതലായ ഭാഷകളിൽ പരിചയിച്ചിട്ടുള്ള മലയാളികൾക്കുതന്നെ എത്രമാത്രം ക്ലേശം നേരിടുന്നുവെന്നുള്ളതിലേക്ക് അനുഭവംതന്നെ സാക്ഷിയാകുന്നു. എത്രതന്നെ ക്ലേശിച്ചാലും ഇതിനെ സ്വല്പം ഭേദപ്പെടുത്താതെ ഒരർത്ഥമുണ്ടാക്കുന്നതു പ്രയാസം തന്നെ. താഴെ കാണിക്കും പ്രകാരം മുറിച്ചാൽ വാക്യം ശരിയായിരിക്കും:

> അങ്ങനെ ഹാജരാകുന്ന ആളുകൾ. . . റെഡിമണി കെട്ടിവയ്ക്കേണ്ടതും, ലേലം സ്ഥിരപ്പെട്ടുകൂടുമ്പോൾ. . . സാമാനം കൈവശപ്പെടുത്തിക്കൊണ്ടു പോകേണ്ടതുമാകുന്നു. ലേലംവിളി. . . കൊടുക്കപ്പെടുകയും ചെയ്യും.

സമുച്ചയിക്കേണ്ടുന്ന പദങ്ങളെ വേർതിരിച്ച്, ഒാരോന്നിലും, സമാനമായ വാക്യഭാഗം ചേർത്ത്, ഒാരോ സ്വതന്ത്രവാക്യമാക്കിച്ചമയ്ക്കുമ്പോൾ യോജിച്ചുവന്നാൽ ഉം — ഇന്റെ പ്രയോഗം ശരിയായി എന്നു നിശ്ചയിക്കാം. ഒാ എന്ന വികല്പാർത്ഥകത്തിന്റെ പ്രയോഗത്തിലും ഇതിന്മണ്ണം ഉൗഹിക്കുക.